**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** | **24-08-2022 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങളുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്റഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന നടപടിക്രമങ്ങൾ ലളിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ആയതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി ചെയ്തതിന് ശേഷം കമ്പ്യൂട്ടറിൽ നിന്നു തന്നെ ആധാരം പ്രിന്റ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം പരീക്ഷണം നടത്തി വിജയകരമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആധാരങ്ങളുടെ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഇലക്ട്രോണിക് രൂപത്തിൽ തന്നെ ശേഖരിച്ച് ആധാരങ്ങളുടെ പുറത്തെഴുത്തിന്റെ ഭാഗമായി അവ പ്രിന്റ് ചെയ്തു വരുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഡിജിറ്റൽ സിഗ്നേച്ചർ ഉപകരണങ്ങളും വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. ഈ സൗകര്യങ്ങൾ നടപ്പിലാക്കിയാൽ ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കികൊണ്ട് ആധാരം മടക്കി നൽകുക എന്ന ലക്ഷ്യവും കൈവരിയ്ക്കുവാൻ സാധിക്കുന്നതാണ് പദ്ധതി. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ആധാരമെഴുത്തുകാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | ആധാരമെഴുത്തുകാരുടെ ആശങ്കകൾ പരിഹരിയ്ക്കുന്നതിനായി ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടുകയും ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടാതെ തന്നെ രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ലളിതവൽക്കരണം സാധ്യമാകുന്ന രീതിയിൽ |

| | | | |
|---|---|---|---|
| | | | പരിഷ്കരണ പരിപാടികൾ മുന്നോട്ട് കൊണ്ടു പോകുവാൻ തീരുമാനിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ